ദീപിക

02 July 2017

## കടൽ സമ്പത്തിന്റെ ഉപയോഗത്തിന്

# ദേശീയതലത്തിൽ കർമപദ്ധതി വരുന്നു

**കൊച്ചി:** കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിനും സമുദ്ര ആവാസവ്യവസ്ഥയുടെ ശരിയായ പരിപാലനത്തിനും ദേശീയതലത്തിൽ കർമപദ്ധതി വരുന്നു. നീതി ആയോഗിന്റെ നിർദേശത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യയുടെ സഹകരണത്തോടെയാണു കർമപദ്ധതി തയാറാക്കുന്നത്.

കടൽസമ്പത്ത് ഉപയോഗിക്കുന്നതിനുള്ള സുസ്ഥിരമായ പരിപാലന മാതൃകകൾ, ചെറുകിട മത്സ്യബന്ധന മേഖല ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ, അമിത മത്സ്യബന്ധനം, തീരദേശ മലിനീകരണം എന്നിവ തടയുന്നതിനുള്ള വഴികൾ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനം സംരക്ഷിക്കുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയവ കർമപദ്ധതിയിലുണ്ടാകും. പദ്ധതി തയാറാക്കുന്നതിനായി ദേശീയതലത്തിൽ നടത്തുന്ന ദ്വിദിന വിദഗ്ധ സംഗമം നാല്, അഞ്ച് തീയതികളിൽ സിഎംഎഫ്ആർഐയിൽ നടക്കും.

ഐക്യരാഷ്ട്രസഭ തയാറാക്കിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പരിപാടിയിൽ ബന്ധപ്പെട്ട കേന്ദ്രമന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ, സമുദ്ര ശാസ്ത്രജ്ഞർ, പരിസ്ഥിതി വിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ്, വനം, പരിസ്ഥിതി, തീരദേശ പരിപാലനം, വ്യവസായം, സമുദ്ര വികസനം തുടങ്ങിയ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംഗമത്തിൽ പങ്കെടുക്കും.

നീതി ആയോഗ് അംഗം ഡോ. രമേശ് ചന്ദ്, ഉപദേശകൻ ഡോ. അശോക് ജെയിൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യ പ്രോഗ്രാം ഡയറക്ടർ സേജൽ വോറ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകും.